II ഇ.ബി. XIII-കേരള നിയമസഭ /XIII-3

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 മാർച്ച് 12, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 5 (* 91) നെല്ലുസംഭരണ പദ്ധതി

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ് ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും 2012-13 ഒന്നാം സീസൺ മുതൽ സപ്ലൈകോ നെല്ല് സംഭരിച്ചു വരുന്നതായി സഭയെ അറിയിച്ചു. നെല്ല് സംഭരണത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷനിലൂടെ ഇതുവരെ 1,72,000 കർഷകർ സപ്ലൈകോയിൽ

രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ കൃഷിസ്ഥലത്തിന്റെ വിസ്തൃതിയും മറ്റും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി ഐ.ഡി. നമ്പർ കൊടുക്കുകയും നെല്ല് സംഭരിച്ചശേഷം കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി സപ്ലൈകോ ഉണ്ടാക്കിയിട്ടുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകുകയും ചെയ്യുന്നു. ഇപ്രകാരം 2014-15 ഒന്നും രണ്ടും സീസണുകളിലായി 2015 മാർച്ച് 5 വരെ 2,10,531.248 മെട്രിക് ടൺ നെല്ല് 19 രൂപ നിരക്കിൽ സംഭരിച്ചിട്ടുണ്ട്. 2015 ഫെബ്രുവരി 15 വരെയുള്ള നെല്ലിന്റെ വില കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെന്റിന്റെ സ്പെസിഫിക്കേഷനിൽ ഇളവ് കൊടുത്തുകൊണ്ട് സീലിംഗ് ലിമിറ്റ് നോക്കാതെ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് മുഴുവൻ സംഭരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. പത്തനംതിട്ട ജില്ലയിൽ ഉൾപ്പെടെ രണ്ട് പാഡി ഓഫീസർമാരെ ഉടൻ നിയമിക്കുന്നതാണെന്നും കൊയ്ത്ത്-മെതി യന്ത്രങ്ങളുടെ റിപ്പയറിംഗും മെയിന്റനൻസും പാടശേഖര സമിതികളെത്തന്നെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി വ്യക്തമാക്കി.

6 (*92) **'ജില്ലാ റവന്യൂ അദാലത്തുകൾ'**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, റവന്യൂ സർവ്വേ വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ അതിവേഗം തീർപ്പാക്കുന്നതിനായി സ്ഥിരം സംവിധാനങ്ങൾക്കുപുറമേ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും അദാലത്തുകൾ നടത്തുകവഴി പരാതിക്കാർക്ക് നേരിട്ട് തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും പരിഹാരം കാണുന്നതിനും സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ സർക്കാർ 1,10,025 പേർക്ക് പട്ടയം വിതരണം നടത്തുകയും സംസ്ഥാനത്തൊട്ടാകെ പട്ടയ വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. മലപ്പുറം ജില്ലയിൽ നടപ്പാക്കിയ പരാതികൾക്ക് റെസീപ്റ്റ് കൊടുക്കുന്ന പദ്ധതി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് 2008-ലെ നെൽവയൽ-നീർത്തട നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിനും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാലഹരണപ്പെട്ട ചട്ടങ്ങൾ പുതുക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കേരള എസ്റ്റേറ്റ് സംബന്ധിച്ചുള്ള പരാതി പരിഹരിക്കുന്നതിന് നിയമാനസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും ഹാരിസൺ മലയാളം പ്ലാന്റേഷനുമായി ബന്ധപ്പെട്ട് കരമൊടുക്കുന്ന കാര്യത്തിൽ സാധരണ ജനങ്ങൾക്ക്

ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വനം, കൃഷി, രജിസ്ട്രേഷൻ തുടങ്ങിയ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജനങ്ങളുടെ പരാതികളിന്മേൽ അടിയന്തര പരിഹാരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*93) **സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മിക്ക സർവ്വകലാശാലകളുടെയും പ്രവർത്തനം സുഗമമായും ജനാധിപത്യ രീതിയിലുമാണ് നടന്നുവരുന്നതെന്ന് സഭയെ അറിയിച്ചു. വൈസ് ചാൻസലർമാരും സിൻഡിക്കേറ്റ് അംഗങ്ങളും തമ്മിലുള്ള തർക്കങ്ങൾ ബന്ധപ്പെട്ട സമിതികളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നുണ്ട്. കോഴിക്കോട് സർവ്വകലാശാലയിൽ വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ സുഗമമായ നടത്തിപ്പിന് വിഘാതമായ സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിനായി മുഖ്യമന്ത്രി വിളിച്ചുചേർത്ത

യോഗത്തിൽ വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പ്, അദ്ധ്യാപകർക്കുള്ള കുടിശ്ശിക, പ്രൊമോഷൻ എന്നിവ അടിയന്തരമായി നൽകാനും വിദ്യാർത്ഥികളുടെ ഹോസ്റ്റൽ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചതിനുശേഷം കാസ്‌ലാബ് (Central Academic Science Library and Administrative Block)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചാൽ മതിയെന്നും തീരുമാനിക്കുകയുണ്ടായി. വൈസ് ചാൻസലർ ഉൾപ്പെടെയുള്ള സർവ്വകലാശാലാ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് ചാൻസലർക്ക് അധികാരമുണ്ടെന്നും കേരള സർവ്വകലാശാലയുടെ കീഴിലുള്ള ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടിയ എൻ.സി.റ്റി.യുടെ തീരുമാനം പുനഃപരിശോധിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ബഹുമാനപ്പെട്ട ചാൻസലർ വിളിച്ച യോഗത്തിൽ യൂണിവേഴ്സിറ്റി തലത്തിൽ അക്കാദമികവും ഭരണപരവുമായ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി വൈസ് ചാൻസലേഴ്സ് കൗൺസിൽ രൂപീകരിക്കുന്നതിന് ചാൻസലറും പ്രോ ചാൻസലറും വൈസ്

ചാൻസലർമാരും അടങ്ങിയ ഒരു കമ്മിറ്റിക്ക് രൂപം കൊടുത്തിട്ടുണ്ടെന്നും ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന യൂണിവേഴ്സിറ്റിക്ക് അവാർഡ് ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1037 മുതൽ 1396 വരെയുള്ള ചോദ്യങ്ങളിൽ ...63..... എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)